**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ നിന്നും 2023 ജനുവരി മുതൽ 2024 ഏപ്രിൽ വരെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ നിന്നും 2023 ജനുവരി മുതൽ 2024 ഏപ്രിൽ വരെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി 12 സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നായി 45 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു . |
| (ബി) | പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി നാദാപുരം മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ മുഖേന ലഭ്യമായ 45 അപേക്ഷകളിലെ 2 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുള്ളതും, 3 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും, 13 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, 15 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും ബാക്കിയുള്ള 12 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| SI NO | BANK /SOCIETY NAME | Numbers |
|---|---|---|
| 1 | CHEKKIAD SERVICE CO OPERATIVE BANK LTD NO F 1657 | 4 |
| 2 | EDACHERI SERVICE CO OPERATIVE BANK LTD NO 9349 | 5 |
| 3 | IRINGANNUR SERVICE CO OPERATIVE BANK LTD NO F 1753 | 4 |
| 4 | KAVILUMPARA SERVICE CO OPERATIVE BANK LTD NO LL 70 | 3 |
| 5 | KAVILUMPARA VANITHA CO OPERATIVE SOCIETY LTD NO D. 2830 | 2 |
| 6 | KAVILUMPARA AGRI IMPROVEMENT CO OPERATIVE SOCIETY LTD NO D. 2967 | 2 |
| 7 | MARUTHONKARA SERVICE CO OPERATIVE BANK LTD NO D 2461 | 5 |
| 8 | NADAPURAM CO-OP URBAN BANK LTD NO D 2648 | 6 |
| 9 | THE NADAPURAM SERVICE CO OPERATIVE BANK LTD NO F 721 | 5 |
| 10 | THUNERI PANCHAYATH VANITHA CS LTD NO D 3089 | 1 |
| 11 | VILANGAD SERVICE CO OPERATIVE BANK LTD NO LL 131 | 2 |
| 12 | VALAYAM SERVICE CO OPERATIVE BANK LTD NO LL 120 | 6 |
| | **TOTAL** | **45** |

സെക്ഷൻ ഓഫീസർ